## മധുരമായ കുട്ടികളേ - ശ്രീമതത്തിലൂടെ നടന്ന് തന്റെ കർമ്മങ്ങളെ ശുദ്ധമാക്കൂ, വികർമ്മങ്ങളെ ഭസ്മമാക്കൂ, മാലയിലെ മുത്താകണമെങ്കിൽ ഒരു ബാബയല്ലാതെ മറ്റാരെയും ഓർമ്മ വരരുത്

**ചോദ്യം:-** ഏതു കുട്ടികളെയാണ് സ്വയം ബാബ രക്ഷിക്കുന്നത്?
**ഉത്തരം:-** ആര് എത്രത്തോളം ശുദ്ധതയോടെ നടക്കുന്നോ, ബാബയോട് സത്യമായി കഴിയുന്നോ, അവരുടെ രക്ഷ സ്വവേ നടന്നുകൊണ്ടിരിക്കുന്നു. അസത്യമായി നടക്കുന്നവരുടെ രക്ഷ ഉണ്ടാകുകയില്ല. മായ അവരെ വളരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. അവർ ശിക്ഷ ഉറപ്പാക്കുന്നു.

**ചോദ്യം:-** കുട്ടികൾ എന്തിനാണ് തന്റെ രോഗം ആത്മീയ സർജനിൽ നിന്ന് മറക്കുന്നത്?
**ഉത്തരം:-** എന്തുകൊണ്ടെന്നാൽ അവർക്ക് അവരുടെ അഭിമാനത്തെക്കുറിച്ച് ഭയമുണ്ട്. അറിയകയും ചെയ്യാം മായ നമ്മളെ വഞ്ചിച്ചിരിക്കുന്നു. കണ്ണുകൾ *ക്രിമനലായി* എന്നിട്ടും ബാബയിൽ നിന്ന് മറക്കുന്നു. ബാബ പറയുന്നു കുട്ടികളേ എത്രത്തോളം നിങ്ങൾ ഒളിപ്പിക്കുന്നോ അത്രയും നിങ്ങൾ താഴേക്ക് വിണുകൊണ്ടിരിക്കും. മായ വിഴുങ്ങും. പിന്നീട് പഠിത്തം ഉപേക്ഷിക്കും, അതുകൊണ്ട് വളരെ ജാഗ്രതയോടെ കഴിയണം. മൻമത്തിലൂടെയോ ആസുരീയ മതത്തിലൂടെയോ നടക്കരുത്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, ആത്മീയ അച്ഛൻ തന്നെയാണ് ആത്മാക്കളെ പഠിപ്പിക്കുന്നതെന്ന നിശ്ചയം കുട്ടികളും വരുത്തിയിട്ടുണ്ട് അതുകൊണ്ടാണ് മഹിമയുള്ളത് ആത്മാവും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു.... മൂലവതനത്തിൽ എല്ലാ ആത്മാക്കളും ഒരുമിച്ചാണിരിക്കുന്നത്. വേറിട്ടിട്ടല്ല കഴിയുന്നത്, പിന്നീട് അവിടെ നിന്നാണ് ആത്മാക്കൾ വേറിടുന്നത്. വന്ന് അവരവരുടെ ഭാഗമഭിനയിക്കുന്നു. സതോപ്രധാനത്തിൽ നിന്ന് ഇറങ്ങിയിറങ്ങി തമോപ്രധാനമാകുന്നു. വിളിക്കുന്നുമുണ്ട് അല്ലയോ പതിത-പാവനാ വരൂ, വന്ന് പാവനമാക്കൂ. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു ഞാൻ ഓരോ അയ്യായിരം വർഷങ്ങൾക്ക് ശേഷവും വരുന്നു. ഈ സൃഷ്ടിയും അയ്യായിരം വർഷത്തിന്റേതാണ്. നിരാകാരനായ ശിവബാബയും തീർച്ചയായും ശരീരത്തിലൂടെ തന്നെയാണ് കേൾപ്പിക്കുക. മുകളിൽ നിന്ന് പ്രേരണ നൽകുകയല്ല. ഏതുപോലെയാണോ നിങ്ങൾ ആത്മാക്കൾ ശരീരം ധരിച്ച് സംസാരിക്കുന്നത്. ബാബയും പറയുന്നു ഞാൻ ഈ ശരീരത്തിലൂടെ നിങ്ങളോട് സംസാരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു, ആര് എത്രത്തോളം നിർദ്ദേശത്തിലൂടെ നടക്കുന്നോ അവർ തന്റെ തന്നെ മംഗളമാണ് ചെയ്യുന്നത്. ആര് ശ്രീമതത്തിലൂടെ നടന്നാലും നടന്നില്ലെങ്കിലും ബാബ മനസ്സിലാക്കി തരുന്നു. *ടീച്ചർ* പറയുന്നത് കേൾക്കട്ടെ കേൾക്കാതിരിക്കട്ടെ, അത് അവർക്ക് തന്നെ നേട്ടമോ നഷ്ടമോ ആണ് ഉണ്ടാക്കുന്നത്. കേൾക്കുന്നില്ലെങ്കിൽ തോറ്റ് പോകും. ശിവബാബ നല്ലരീതിയിൽ മനസ്സിലാക്കി തരുന്നു. നിങ്ങൾ കുട്ടികൾക്ക് ശിവബാബയിൽ നിന്ന് പഠിച്ച് പിന്നീട് പഠിപ്പിക്കണം. മകൻ അച്ഛനെ പ്രത്യക്ഷമാക്കുന്നു, ഇത് ശാരീരിക അച്ഛന്റെ കാര്യമല്ല. ഇതാണ് ആത്മീയ അച്ഛന്റെ കാര്യം. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ആര് എത്രത്തോളം ശ്രീമത്തിലൂടെ നടക്കുന്നോ അത്രയും സമ്പത്ത് നേടുന്നു. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മജന്മാന്തരത്തെ പാപം മുറിഞ്ഞ് പോകും കാരണം രാവണരാജ്യത്തിൽ എല്ലാവരും പാപാത്മാക്കളാണ്, പുണ്യാത്മാക്കളുടെ മുന്നിൽ തല കുനിക്കുന്നു. എന്നാൽ ഇതേ പുണ്യാത്മാക്കളാണ് പിന്നീട് പാപാത്മാക്കളാകുന്നതെന്നറിയുന്നില്ല. അവർ സദാ പുണ്യാത്മാക്കളാണ് എന്നാണ് മനസ്സിലാക്കുന്നത്. ബാബ മനസ്സിലാക്കി തരുന്നു പുനർജന്മമെടുത്തെടുത്ത് പുണ്യാത്മാവിൽ നിന്ന് പാപാത്മാവാകുന്നു. 84 ജന്മങ്ങളെടുക്കുമ്പോൾ സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനത്തിലേക്ക് വരുന്നു. പാപാത്മാക്കളാകുന്നു, പിന്നീട് ബാബയെ ഓർമ്മിക്കുന്നു, എപ്പോൾ പുണ്യാത്മാക്കളാണോ അപ്പോൾ ബാബയെ ഓർമ്മിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ ഈ എല്ലാ കാര്യങ്ങളും എല്ലാവർക്കും ബാബ മനസ്സിലാക്കി തരില്ല. കുട്ടികൾ സേവനം ചെയ്യുന്നുണ്ട്. മനുഷ്യർ ഈ സമയം അസുരൻമാരായിക്കൊണ്ടിരിക്കുന്നു, അക്കാരണത്താൽ പരമാത്മാവ് സർവ്വവ്യാപിയല്ല എന്ന കാര്യം ബുദ്ധിയിൽ ഇരികുന്നില്ല. മുഴുവൻ ആധാരാവും ഈ കാര്യത്തിലാണ്. കൃഷ്ണൻ ദേഹധാരിയാണ്, ദേവതയെന്നാണ് പറയുന്നത്. ആത്മാക്കളുടെ പിതാവ് നിരാകാരനായ ബാബയാണ്, ആ ബാബയെ തന്നെയാണ് ഓർമ്മിക്കേണ്ടത്. പ്രജാപിതാവും പറയുന്നുണ്ട് എന്നാൽ അദ്ദേഹം സാകാരനാണ്. ഈ എല്ലാകാര്യങ്ങളും നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. എന്നാൽ പലകുട്ടികളും അറിഞ്ഞതിന് ശേഷം തെറ്റായ വഴി സ്വീകരിച്ച് കാട്ടിൽ പോയി അകപ്പെടുന്നു. ബാബ വഴി പറഞ്ഞ് തരുന്നു - പട്ടണത്തിലേക്ക് അർത്ഥം സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് എന്നാൽ മനസ്സിലാക്കാത്തത്

കാരണം കാട്ടിൽ പോയി അകപ്പെടുന്നു. കാട്ടിലേക്ക് പോകുകയാണെങ്കിൽ മുള്ളായി മാറുന്നു. ഇവിടെ ജീവിട്ടിച്ച് പോലും വഴി പൂർണ്ണമായും മനസ്സിലാക്കുന്നില്ല. ഇടക്ക് വച്ച് നിന്ന് പോകുന്നു. പിന്നീട് അവിടെയും അവസാനമായിരിക്കും വരുന്നത്. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് വേണ്ടിയാണ്. ത്രേതായുഗത്തെയും വാസ്തവത്തിൽ സ്വർഗ്ഗമെന്ന് പറയില്ല. 25 ശതമാനം കുറഞ്ഞില്ലേ. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ബാബ പറയുന്നു പഴയ ലോകത്തെ ത്യജിച്ച് പുതിയ ലോകത്തെ ഓർമ്മിക്കൂ. പഴയ ലോകത്തെ മറന്ന് ത്രേതായുഗത്തെ ഓർമ്മിക്കൂ എന്ന് പറയില്ലല്ലോ. ത്രതായുഗത്തെ ഒരിക്കലും പുതിയ ലോകമെന്ന് പറയില്ല. വഴി ശരിക്ക് മനസ്സിലാക്കാത്തത് കാരണം കയറിയിറങ്ങി ക്കൊണ്ടിരിക്കുന്നു. *ഡ്രാമയനുസരിച്ച്* കൽപം മുൻപ് ആര് പൂർണ്ണമായും പരീക്ഷ വിജയിച്ചിട്ടുണ്ടോ അവർ തന്നെയാണ് വീണ്ടും വിജയിക്കുക. ത്രേതായുഗത്തിലേക്ക് പോകുന്നവരെ തോറ്റവർ എന്ന് തന്നെയാണ് പറയുക. ആരാണോ സ്വർഗ്ഗവാസിയാകുന്നത് അവരാണ് പൂർണ്ണമായും വിജയിക്കുന്നത്. കൽപ-കൽപാന്തരം, ജന്മ-ജന്മാന്തരം അവർതന്നെയാണ് സംഗമത്തിൽ പരീക്ഷ വിജയിക്കുന്നത്. അതുപോലെ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ആര് പുഷ്പമാകാനുള്ളതല്ലയോ, അവരെ എത്ര ശക്തിയോടെ വലിച്ചാലും അവരാകില്ല. അങ്ങനെയാണെങ്കിലും എരിക്കും ഒരു പൂവല്ലേ. മുള്ള് മുറിവേൽപ്പിച്ചുകൊണ്ടിരിക്കുന്നു. മുഴുവൻ ആധാരവും പഠനത്തിലാണ്, മായ നല്ല-നല്ല കുട്ടികളെ പോലും മുള്ളാക്കി മാറ്റുന്നു. ദ്രോഹിയായി മാറുന്നു. ആരാണോ തന്റെ വീടുപേക്ഷിച്ച് എതിർ പക്ഷത്തേക്ക് പോകുന്നത് അവരെയാണ് ദ്രോഹിയെന്ന് പറയുന്നത്. ബാബ മായയിൽ നിന്ന് മോചിപ്പിക്കാനാണ് വന്നിരിക്കുന്നത്. പറയുന്നു ബാബാ, മായ വളരെ ശക്തനാണ്. തന്നിലേക്ക് ആകർഷിക്കുന്നു. മായ കുറഞ്ഞ കാന്തമല്ല. ഈ സമയം നോക്കൂ സൗന്ദര്യത്തിന്റെയും ആധിക്യം എത്രയാണ്, എത്ര *ഫാഷണബിളായാണ്* മാറുന്നത്. സിനിമയിൽ എന്തെല്ലാമാണ് കാണിക്കുന്നത്. മുൻപ് ഈ സിനിമ ഉണ്ടായിരുന്നില്ല. 100 വർഷത്തിനുള്ളിൽ മാത്രം വന്നതാണ്. ഇതിൽ *ഡ്രാമയുടെ* രഹസ്യത്തെയും മനസ്സിലാക്കി കൊടുക്കണം. 100 വർഷത്തിനുള്ളിൽ സ്വർഗ്ഗം പോലെയായിരിക്കുന്നു. അവിടെ ഈ *സയൻസും* വളരെയധികം സുഖം നൽകുന്നതായിരിക്കും. അവിടെ ശാസ്ത്രത്തിന്റെ അഹങ്കാരമുണ്ടായിരിക്കില്ല. എത്ര സുഖമാണ് നൽകുന്നത്. എന്നാൽ ആ സുഖം സ്ഥായിയാകണം അതിന് വേണ്ടിയാണ് പഴയ ലോകത്തിന്റെ വിനാശം ഉണ്ടാകുന്നത്.

ബാബ കുട്ടികളെ ഉയർത്തുന്നതിന് വേണ്ടി നോക്കൂ എത്രയാണ് പരിശ്രമിക്കുന്നത്. എന്നാൽ ചില-ചില കുട്ടികൾ ബാബയാണ് നമ്മളെ പഠിപ്പിക്കുന്നതെന്ന് പോലും മാനിക്കുന്നില്ല. നല്ല-നല്ലവർ പോലും മായയുടെ ആകർഷണത്തിലേക്ക് വരുന്നു. മായ പൂർണ്ണമായും വശത്താക്കുന്നു. എന്നാൽ ഒരു തവണയെങ്കിലും ആര് ജ്ഞാനം കേട്ടിട്ടുണ്ടോ അവർ സ്വർഗ്ഗത്തിലേക്ക് തീർച്ചയായും വരും, എന്നാൽ ഉയർന്ന പദവി നേടില്ല. ഞാൻ നാരായണനാകുമെന്ന് എല്ലാവരും പറയുന്നുണ്ട്. എങ്കിൽ പുരുഷാർത്ഥവും അത്രയും ചെയ്യണം, എന്നാൽ എല്ലാം *ഡ്രാമയുടെ* കളിയാണ്. ചിലർ കയറുന്നു, ചിലർ വീഴുന്നു. ഉയർച്ചയും താഴ്ച്ചയും സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മുഴുവൻ ആധാരവും ഓർമ്മയുടെ യാത്രയിലാണ്. ബാബ നിങ്ങൾക്ക് അളവില്ലാത്ത ഖജനാവാണ് നൽകുന്നത്. അവിടെ കർമ്മക്കണക്കിന്റെ കാര്യമേയില്ല. ഈ സമയം ഇവിടെ ആര് സമ്പാദിക്കുന്നോ അവരാണ് പൂർണ്ണമായ സമ്പത്ത് നേടുന്നത്. കയറുന്നുണ്ടെങ്കിൽ പിന്നീട് വീഴുകയും ചെയ്യും എന്ന് ചിന്തിക്കരുത്. കൂടുതൽ വീണിട്ടുണ്ടെങ്കിൽ ഇപ്പോൾ കയറുക തന്നെ വേണം. *ഡ്രാമയനുസരിച്ച്* പുരുഷാർത്ഥം നടന്നുകൊണ്ടേയിരിക്കുന്നുണ്ട്. രണ്ട് പേർക്കും നോക്കൂ എത്ര പൂജയാണ് നടക്കുന്നത്. ഏറ്റവും കൂടുതൽ ശിവനാണ്. അവർ പിന്നീട് കല്ലിലും മുള്ളിലുമുണ്ടെന്ന് പറയുന്നു. എത്ര അജ്ഞാനമാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ തന്നെയായിരുന്നു, ഇപ്പോൾ നമ്മൾ തന്നെ ആയിക്കൊണ്ടിരിക്കുന്നു. ശിവന്റെ പൂജയും ചെയ്യാറുണ്ട്. ബലിയുമർപ്പിക്കാറുണ്ട്, എന്നിട്ടും ആ ജ്ഞാനത്തിന്റെ സാഗരനായ ബാബ എങ്ങനെയാണ് വന്ന് പഠിപ്പിക്കുന്നത്, ശിവനെ ആരും തന്നെ അറിയുന്നില്ല. ഇപ്പോൾ പഠിച്ച് പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടണം. മായയും ആരെയും ഉപേക്ഷിക്കില്ല, പൂർണ്ണമായും പിടിക്കുന്നു. ബാബ പറയുന്നു കുട്ടികളെ സത്യം സത്യമായ *ചാർട്ടെഴുതൂ.* പലകുട്ടികളും സത്യം പറയാറില്ല അങ്ങനെ ശിക്ഷയും വരുന്നു. ശിക്ഷയുടെ സമയം അയ്യയ്യോ എന്ന പറഞ്ഞ് പശ്ചാതപിക്കുന്നു. ക്ഷമിക്കൂ ഇനി ചെയ്യില്ല. ചെറിയ കുട്ടി മോശമായ കാര്യം ചെയ്ത് അച്ഛനടിക്കുകയാണെങ്കിൽ ഇനി ചെയ്യില്ലാ-ചെയ്യില്ലാ ക്ഷമിക്കൂ എന്ന് പറയാറില്ലേ. ഇതാണ് പരിധിയില്ലാത്ത അച്ഛൻ. ഇത്രയും വലിയ ബാബ എത്ര നമ്രതയോടെയാണ് നടക്കുന്നത്. എത്ര ദയാലുവാണ്. ഏതുപോലെയാണോ ചെറിയ കുട്ടികൾ ദയവുള്ളവരായിട്ടുള്ളത്, എന്ത് കാര്യമുണ്ടായാലും പറയും ശരി സാരമില്ല എന്തുകൊണ്ടെന്നാൽ *ഡ്രാമയനുസരിച്ചാണ്* നടക്കുന്നത്, ശരി ഭാവി അങ്ങനെയായിരുന്നു. വീണ്ടും മനസ്സിലാക്കി തരുന്നു - ഇനി ഇങ്ങനെ ഉണ്ടാകരുത്. ശ്രീമതവും ആസുരീയമതവും. ഈ ബ്രഹ്മാവും അലൗകീക പിതാവല്ലേ, കൂടാതെ പരിധിയില്ലാത്ത ബാബയുമുണ്ട്. പരിധിയുള്ള അച്ഛന്റെ നിർദ്ദേശം അംഗീകരിച്ചിട്ടില്ലെങ്കിലും, പരിധിയില്ലാത്ത ബാബ ഈ ബ്രഹ്മാവാവിനെ നിമിത്തമാക്കിയിരിക്കുമ്പോൾ

ഇദ്ദേഹത്തിന്റേത് തീർച്ചയായും മാനിക്കേണ്ടേ അതുകൊണ്ടാണ് ബാബ പറയുന്നത് മായ കുറഞ്ഞതല്ല, തെറ്റായ കർമ്മം ചെയ്യിക്കുന്നു. മനസ്സിലാക്കണം - ഇത് ഈശ്വരീയ നിർദ്ദേശമാണ്. ബാബ പറയുന്നു അഥവാ ഇദ്ദേഹത്തിലൂടെ എന്തെങ്കിലും നിർദ്ദേശം ലഭിക്കുകയാണെങ്കിലും ഞാൻ ശരിയാക്കും. ബാബ അനുഭവീ രഥത്തെയാണ് എടുത്തിരിക്കുന്നത്. എത്ര നിന്ദയാണ് അനുഭവിച്ചത്. ബാബയോടൊപ്പം വളരെ ശുദ്ധതയോടെ കഴിയണം. ആര് എത്രത്തോളം ശുദ്ധതയോടെ നടക്കുന്നോ, അത്രയും അവരുടെ രക്ഷയുണ്ടാകുന്നു. അസത്യമായി നടക്കുന്നവരുടെ രക്ഷ ഉണ്ടാകുകയില്ല, അവർക്ക് ശിക്ഷ ഉറപ്പാകുന്നു. മായ മൂക്കിന് പിടിക്കുന്നു. കുട്ടികൾക്കറിയാം - മായ വിഴുങ്ങി അതുകൊണ്ടാണ് ഞാൻ പഠിത്തം ഉപേക്ഷിച്ചത്. ബാബ പറയുന്നു എന്ത് സംഭവിച്ചാലും പഠിത്തം ഒരിക്കലും നിർത്തരുത്. ആര് ഏതുപോലെ ചെയ്യുന്നോ, അതുപോലെ നേടും. എപ്പോഴാണ് നേടുന്നത്? ഭാവിയിൽ, എന്തുകൊണ്ടെന്നാൽ ഇപ്പോൾ ലോകത്തിൽ പരിവർത്തനം സംഭവിക്കുകയാണ്. ഇത് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങളിൽ തന്നെ പല കുട്ടികളും മറന്ന് പോകുന്നു. അഥവാ ഓർമ്മയുണ്ടെങ്കിൽ സന്തോഷവും ഉണ്ടായിരിക്കണം, എന്നാൽ മായ തീർത്തും മറപ്പിക്കുന്നു. മായയോടുള്ള ഈ യുദ്ധം അവസാനം വരെ നടന്നുകൊണ്ടിരിക്കും. നല്ല-നല്ല കുട്ടികൾക്ക് പോലും അറിയാം എന്നിൽ നിന്ന് ഇത് സംഭവിച്ചു, പിന്നീട് സത്യം പറയുന്നില്ല, അഭിമാത്തിന്റെ ഭയമുണ്ട്. ക്ഷയിച്ചുകൊണ്ടേയിരിക്കുന്നു. ചിലർ ദമ്പതികളാണെങ്കിൽ ഒരാൾ പറയട്ടെ എന്നാൽ ഞാനും പറയാം എന്ന് കരുതുന്നു. ഭാഗ്യത്തിൽ ഉയർന്ന പദവിയില്ലെങ്കിൽ *സർജനിൽ* നിന്ന് മറച്ചുകൊണ്ടിരിക്കുന്നു. എത്രത്തോളം ഒളിപ്പിക്കുന്നോ അത്രത്തോളം താഴേക്ക് വീഴും. ഈ കണ്ണുകൾ ഇങ്ങനെയാണ് അത് ആസുരീയതയെ ഉപേക്ഷിക്കുന്നതേയില്ല. ചില വളരെ നല്ല കുട്ടികളുണ്ട് - അവർ ഒരിക്കലും മറ്റാരെയും ഓർമ്മിക്കാറില്ല. ഏതുപോലെയാണോ പതിവ്രതയായ സ്ത്രീയുടെ ദൃഷ്ടി ഒരിക്കലും ഒരു പരപുരുഷനിലേക്കും പോകാത്തത്. അതുകൊണ്ട് ബാബ മനസ്സിലാക്കി തരികയാണ് - മാലയുടെ മുത്താകണമെങ്കിൽ ഇങ്ങനെയുള്ള അവസ്ഥ വേണം. എന്താ വിശ്വത്തിന്റെ അധികാരിയാകുന്നത് ചെറിയ കാര്യമാണോ? പരിധിയില്ലാത്ത ബാബ പഠിപ്പിക്കുന്നു ഇനി മറ്റെന്താണ് വേണ്ടത്. ബാബ നിങ്ങൾക്ക് പ്രത്യക്ഷത്തിൽ കാണിച്ച് തരുന്നു ഇന്നയാളിൽ ഇന്ന മേൻമയുണ്ട്, ഇവരിൽ ഇതുണ്ട് - അപ്പോഴാണ് സംഖ്യാക്രമത്തിൽ സ്നേഹ സ്മരണകൾ നൽകുന്നത്. ഇവിടെ ഇരിക്കുമ്പോൾ പോലും ബാബയുടെ ബുദ്ധി സേവനയുക്തരായ കുട്ടികളിലാണ്. അജ്ഞാന കാലത്തിലും ആജ്ഞാകാരി കുട്ടികളിൽ സ്നേഹമുണ്ട്. ബാബയ്ക്കറിയാം എന്റെ ഏത് കുട്ടിയാണ് നന്നായി സേവനം ചെയ്യുന്നത്. നിങ്ങളാണ് ബ്രഹ്മാകുമാരൻമാരും, ബ്രഹ്മാകുമാരികളും, ശിവബാബയുടെ പേരക്കുട്ടികൾ, മുത്തച്ഛനിൽ നിന്ന് തീർച്ചയായും സമ്പത്ത് ലഭിക്കണം. ബ്രഹ്മാവിന്റെ പക്കൽ സമ്പത്തില്ല. ബാബ സ്വയം പറയുന്നു ഞാൻ നിങ്ങൾ ആത്മാക്കളുടെ പരിധിയില്ലാത്ത അച്ഛനാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു, അതുകൊണ്ട് ഇപ്പോൾ എന്റെ ശ്രീമതത്തിലൂടെ നടക്കൂ. ഞാൻ വന്നിരിക്കുന്നു നിങ്ങൾ കുട്ടികളെ എനിക്ക് സമാനം അശരീരിയാക്കി തിരിച്ച് കൊണ്ടുപോകുന്നതിന്. ഇപ്പോൾ നിങ്ങളുടെ ജ്യോതി തെളിഞ്ഞുകൊണ്ടിരിക്കുന്നു - ജ്ഞാന യോഗത്തിലൂടെ. അഥവാ ജ്ഞാന യോഗത്തിൽ ശരിയായ രീതിയിലല്ലെങ്കിൽ ധർമ്മരാജന്റെ ശിക്ഷകൾ അനുഭവിക്കേണ്ടിവരും, അതുകൊണ്ട് ആദ്യം തന്റെ വികർമ്മങ്ങൾ ഭസ്മമാക്കൂ. ഈ സമയം മനുഷ്യർ സ്വയം സ്വർഗ്ഗത്തിലെന്നാണ് കരുതുന്നത് എന്നാൽ ഇത് അൽപകാലത്തിന്റെ സുഖമാണ്. അവർക്ക് പരിധിയില്ലാത്ത അച്ഛൻ സമ്പത്തും നൽകുന്നില്ല. ബാബ പറയുന്നു ഞാൻ ഏഴകളുടെ തോഴനാണ്. ആരാണോ തീർത്തും ദരിദ്രരായിട്ടുള്ളത്, പതിത അഹല്യകളായിട്ടുള്ളത് അവരെ ധനവാൻമാരാക്കി മാറ്റുന്നു. ഇനി നിങ്ങളുടെ അടുത്ത് ഏതെങ്കിലും പതിതർ വന്നേക്കാം എന്നാൽ കുറഞ്ഞ പദവിയായിരിക്കും നേടുന്നത്. വിജയ മാലയിലേക്ക് വരാൻ സാധിക്കില്ല. ഇവിടെ പരിധിയില്ലാത്ത ബാബയുമായി വ്യാപാരം ചെയ്യേണ്ടതുണ്ട്. ബാബാ ഇതെല്ലാം മണ്ണോട് ചേരാനുള്ളതാണ്, അതുകൊണ്ട് ഞങ്ങൾ അങ്ങയിൽ സമർപ്പണമാകുന്നു. ഇതെല്ലാം അങ്ങെടുക്കൂ, ഞങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കൂ. ബാബ പറയുന്നു ഞാൻ ദാതാവാണ്. ഈ രാജധാനി സ്ഥാപിക്കുന്നതിൽ അഥവാ വിശ്വത്തിന്റെ അധികാരിയാകുന്നതിൽ യാതൊരു ചിലവുമില്ല. അവിടെ നോക്കൂ യുദ്ധത്തിനായി എത്ര ചിലവാണുള്ളത്. ഇവിടെ നിങ്ങൾക്ക് എന്ത് ചിലവാണുള്ളത്? എന്തുകൊണ്ടെന്നാൽ ഇവിടെ യാതൊരു ആയുധ ശക്തിയുമല്ല. യോഗബലത്തിലൂടെയാണ് വിശ്വത്തിന്റെ അധികാരിയാകുന്നത്. അവർ ബാഹുബലത്താലാണ് ഇത്രയും യുദ്ധം ചെയ്യുന്നത് - എന്നിട്ടും വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കുന്നില്ല. *ഡ്രാമയിൽ* അവരുടെ *പാർട്ടില്ല.* സത്യം-സത്യമായ രാജയോഗം ബാബ മാത്രമാണ് പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാം രാജയോഗത്തിലൂടെ പരംപിതാ പരമാത്മാവ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ സംഗമത്തിൽ പഠിച്ചുകൊണ്ടിരിക്കുന്നു, പഠിത്തം അനുസരിച്ച് *നമ്പർവൈസ്* പദവി ലഭിക്കും. ശരി-

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു

മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ബാബയ്ക്ക് സമാനം നമ്രതയുടെ ഗുണം ധാരണ ചെയ്യണം. ആരെയും മുള്ളുകൊണ്ട് മുറി വേൽപ്പിക്കരുത്. പുഷ്പമായി സുഗന്ധം നൽകണം.

2) സത്യതയുടെ ഗുണം ധാരണ ചെയ്ത് *സർജനിൽ* നിന്ന് ഒരു കാര്യവും ഒളിപ്പിക്കരുത്. ഏതൊരവസ്ഥയിലും പഠിത്തം ഉപേക്ഷിക്കരുത്. ആജ്ഞാകാരിയാകണം.

**വരദാനം:- ബാബയിലൂടെ ലഭിച്ച വരദാനങ്ങളെ സമയത്ത് കാര്യത്തിൽ ഉപയോഗിച്ച് ഫലവത്താക്കുന്ന വരദാനീ മൂർത്തിയായി ഭവിക്കൂ**

ബാബയിലൂടെ എന്തെല്ലാം വരദാനങ്ങളാണോ ലഭിക്കുന്നത് അവയെ സമയത്ത് കാര്യത്തിൽ ഉപയോഗിക്കൂ എങ്കിൽ വരദാനം സ്ഥായിയാകും. വരദാനത്തിന്റെ വിത്തിനെ ഫലദായകമാക്കുന്നതിന് വേണ്ടി അതിന് വീണ്ടും-വീണ്ടും സ്മൃതിയുടെ ജലം നൽകൂ, വരദാനത്തിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിന്റെ വെയിൽ നൽകൂ. അപ്പോൾ ഒരു വരദാനം അനേക വരദാനങ്ങളെ കൂടെ കൊണ്ടുവരും ഫലസ്വരൂപമായി വരദാനീ മൂർത്തിയായി തീരും. എത്രത്തോളം വരദാനങ്ങളെ സമയത്ത് കാര്യത്തിൽ ഉപയോഗിക്കുന്നുവോ അത്രത്തോളം വരദാനവും ശ്രേഷ്ഠ സ്വരൂപവും കാണിച്ചു കൊണ്ടിരിക്കും.

**സ്ലോഗൻ:- ശ്രദ്ധ സ്വാഭാവികാമണെങ്കിൽ സമ്മർദ്ദം സ്വതവേ ഇല്ലാതാക്കും.**